ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2026 മേയ് 20, ബുധൻ (1948 വൈശാഖം 30)

..........................................................................................................................................

# CMP No.1/2026 IN MC 39/2025

| | | |
|---|---|---|
| ഹർജിക്കാരി | : | സയ്യീദ പി.കെ., 59 വയസ്, W/o മുഹമ്മദ് ഹുസൈൻ, മഠത്തിപ്പറമ്പിൽ ഹൗസ്, മാടവന പോസ്റ്റ്, എറിയാട് വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ – 680 666.<br>(അഡ്വ: ബാബു കറുകപ്പാടത്ത്) |
| എതിർകക്ഷി | : | മുഹമ്മദ് ഹുസൈൻ, 67 വയസ്, S/o അബ്ദുൾ റഹ്മാൻ, മഠത്തിപ്പറമ്പിൽ ഹൗസ്, മാടവന പോസ്റ്റ്, എറിയാട് വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ – 680 666.<br>(അഡ്വ: അബ്ദുൾ റഷീദ് കെ) |
| വകുപ്പ് | : | ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, 20(1), 20(2), എന്നീ വകുപ്പുകൾ |

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 20(1), 20(2) എന്നീ വകുപ്പുകൾ പ്രകാരം ഹർജികക്ഷി ചിലവിലേക്കായി എതിർകക്ഷിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയാണ് മേൽ നമ്പർ ഹർജി. ഹർജിയോടൊപ്പം ഹർജിക്കാരിയുടെ സത്യവാങ്മൂലവും സമർപ്പിച്ചിരിക്കുന്നു.

**2. ഹർജികളുടെ ചുരുക്കം :** CMP No.1/2026 ൽ പറഞ്ഞിരിക്കുന്നത് പ്രകാരം ഹർജിക്കാരി മേൽ നമ്പർ കേസിലെ മുഖ്യ ഹർജിക്കാരിയാണ്. ഹർജിക്കാരി എതിർകക്ഷിയുടെ ഭാര്യയാണെന്നും, വിവാഹസമയത്ത് ഹർജിക്കാരിയുടെ മാതാപിതാക്കൾ വിവാഹസമ്മാനമായി 90 പവൻ സ്വർണ്ണാഭരണങ്ങൾ നൽകിയിരുന്നുവെന്നും ഹർജിയിൽ പറയുന്നു. വിവാഹത്തിന്റെ തുടക്കത്തിൽ എതിർകക്ഷിയുടെ നിർദേശപ്രകാരം ആ ആഭരണങ്ങൾ ഹർജിക്കാരിയുടെ വീട്ടിൽ തന്നെയായിരുന്നു സൂക്ഷിച്ചിരുന്നത്. പിന്നീട് എതിർകക്ഷിയുടെ ആവശ്യപ്രകാരം മുഴുവൻ ആഭരണങ്ങളും വിവാഹവീട്ടിലേക്ക് കൊണ്ടുപോയി. ദിവസവും ധരിക്കുന്ന 8.5 പവൻ ആഭരണങ്ങൾ ഒഴികെയുള്ള ബാക്കി മുഴുവൻ ആഭരണങ്ങളും എതിർകക്ഷി തന്റെ അലമാരയിൽ സുരക്ഷിതമായി സൂക്ഷിക്കാമെന്ന ഉറപ്പുനൽകി ഏറ്റുവാങ്ങിയതുമാണ്. എന്നാൽ തുടർന്ന്, ആ ആഭരണങ്ങളിൽ ചിലത് എതിർകക്ഷി തന്റെ റിയൽ എസ്റ്റേറ്റ് ബിസിനസിനായി ഉപയോഗിക്കുകയും, അതിൽ നിന്നുള്ള ലാഭം സ്വന്തം ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തു. കൂടാതെ,

ഹർജിക്കാരിക്ക് മക്കളില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി എതിർകക്ഷി നിരന്തരം അപമാനിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നുവെന്നും ഹർജിയിൽ പറയുന്നു. ഹർജിക്കാരി ഒരു വീട്ടമ്മയായതിനാൽ സ്വതന്ത്രമായ വരുമാനമൊന്നുമില്ല. അതേസമയം, എതിർകക്ഷി ഒരു ബിസിനസുകാരനും റിയൽ എസ്റ്റേറ്റ് വ്യാപാരിയുമാണ്. "Desert Elites" എന്ന സ്ഥാപനത്തിൽ നിക്ഷേപങ്ങളുള്ള എതിർകക്ഷിക്ക് മാസം ഏകദേശം ₹1,00,000/- രൂപ വരുമാനമുണ്ടെന്നും, എതിർകക്ഷിയുടെ മക്കൾ ഇരുവരും വിവാഹിതരായി സ്വതന്ത്രമായി സ്ഥിരതയാർജിച്ച ജീവിതം നയിക്കുന്നതിനാൽ അവരെ സംരക്ഷിക്കേണ്ട ബാധ്യത എതിർകക്ഷിക്കില്ലെന്നും ഹർജിയിൽ പറയുന്നു. മതിയായ വരുമാനവും സാമ്പത്തിക ശേഷിയും ഉണ്ടായിട്ടും എതിർകക്ഷി ഹർജിക്കാരിയെ സംരക്ഷിക്കുന്നതിൽ മനപൂർവ്വം വീഴ്ച വരുത്തിയിരിക്കുകയാണെന്നും ആരോപിക്കുന്നു. അതുകൊണ്ട്, എതിർകക്ഷിയിൽ നിന്ന് മാസം ₹25,000/- രൂപ maintenance ലഭിക്കാൻ ഹർജിക്കാരി നിയമപരമായി അർഹയാണെന്നും, അതിനായാണ് CMP No.1/2026-ൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും ഹർജിയിൽ വ്യക്തമാക്കുന്നു.

3. എതിർകക്ഷികൾക്ക് നോട്ടീസ് അയക്കുകയും എതിർകക്ഷിക്കു വേണ്ടി അഭിഭാഷകൻ ഹാജരാകുകയും ആക്ഷേപം ഫയൽ ചെയ്യുകയും ചെയ്തു.

4. <u>ആക്ഷേപങ്ങളുടെ ചുരുക്കം:-</u> CMP No.1/2026-ലെ ഹർജി നിലനിൽക്കുന്നതല്ലെന്നും അതിനാൽ തള്ളപ്പെടേണ്ടതാണെന്നും എതിർകക്ഷി വാദിക്കുന്നു. ഹർജിക്കാരിയുടെ ആദ്യ വിവാഹബന്ധം കോടതി മുഖാന്തിരം വേർപെടുത്തിയതും അതിൽ ജീവനാംശം ലഭിച്ചതുമാണെന്ന് എതിർകക്ഷി പറയുന്നു. ഹർജിക്കാരി വിദ്യാഭ്യാസവും സാമ്പത്തിക ശേഷിയും ഉള്ള വ്യക്തിയാണെന്നും, വിവാഹസമ്മാനമായി 90 പവൻ സ്വർണം ലഭിച്ചു എന്നത് കള്ളപ്രസ്താവനയാണെന്നും, യാഥാർത്ഥ്യത്തിൽ ഏകദേശം 45 പവൻ സ്വർണ്ണാഭരണങ്ങൾ മാത്രമാണ് ലഭിച്ചതെന്നും അവ ഹർജിക്കാരി തന്നെയാണ് കൈവശം വെച്ചിരുന്നതെന്നും, എതിർകക്ഷിക്ക് അവയുമായി യാതൊരു ബന്ധവും ഇല്ലായിരുന്നുവെന്നും പറയുന്നു. മുമ്പ് മകനെതിരെ M.C. No.43/2022 ആയി വ്യാജ കേസ് നൽകിയതായും, പിന്നീട് അത് പിൻവലിച്ചതായും പറയുന്നു. ഹർജിയുടെ 4-ാം പാരഗ്രാഫിൽ പരാമർശിച്ചിരിക്കുന്നതുപോലെ, ഹർജിക്കാരി University of Calicut-യിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം നേടിയിട്ടുള്ളതും, ഹർജിക്കാരിയുടെ പിതാവ് Kerala State Electricity Board-യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരുന്നതുമാണെന്നും സാമൂഹികവും സാമ്പത്തികവുമായ സ്ഥിരതയുള്ള കുടുംബത്തിൽ നിന്നുള്ളവളാണെന്നും എതിർകക്ഷി ആരോപിക്കുന്നു. കൂടാതെ, കൊടുങ്ങല്ലൂർ എസ്.ആർ.ഒ.യിലെ 3453/01/2008-ാം

നമ്പർ തീർപ്പാധാരപ്രകാരം 92 സെന്റ് ഭൂമിയിലും വീടിലും ഹർജിക്കാരിക്ക് മൂന്നിലൊരുഭാഗം അവകാശമുണ്ടെന്നും, എറണാകുളത്ത് ഹർജിക്കാരിയുടെ പിതാവിന്റെ പേരിലുള്ള ഫ്ലാറ്റിലും കൊടുങ്ങല്ലൂരിലെ Medicare Hospital-യിലെ ഷെയറുകളിലും ഹർജിക്കാരിക്ക് മൂന്നിലൊരുഭാഗം അവകാശമുള്ളതാണെന്നും, അതിൽ നിന്നായി ഹർജിക്കാരിക്ക് പ്രതിമാസ വരുമാനം ലഭിക്കുന്നതായും, എന്നാൽ ആ വിവരങ്ങൾ മറച്ചുവെച്ചുകൊണ്ടാണ് maintenance ആവശ്യപ്പെട്ടിരിക്കുന്നതെന്നും എതിർകക്ഷി ആരോപിക്കുന്നു. എതിർകക്ഷിക്ക് സ്വന്തമായി 13.600 സെന്റ് വസ്തുവകകൾ മാത്രമാണുള്ളതെന്നും, തനിക്ക് നാട്ടിലോ ദുബായിലോ "Desert Elites" എന്ന സ്ഥാപനം ഇല്ലെന്നും, തന്റെ മകൾ പ്രതിമാസം ₹25,000/- രൂപ അയച്ചുതരുന്നതിനാലാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതെന്നും, റിയൽ എസ്റ്റേറ്റ് ബിസിനസ് ഇപ്പോൾ നിലച്ചിരിക്കുകയാണെന്നും, തനിക്ക് ഒമ്പതാം ക്ലാസ് വിദ്യാഭ്യാസം മാത്രമേയുള്ളുവെന്നും ആക്ഷേപത്തിൽ വ്യക്തമാക്കുന്നു. കൂടാതെ, ഹർജിക്കാരി എതിർകക്ഷിയുടെ ആദ്യ വിവാഹത്തിലെ മക്കളെ വീട്ടിൽ നിന്ന് അകറ്റാൻ ശ്രമിച്ചിരുന്നുവെന്നും, ഹർജിക്കാരി സ്വന്തം ഇഷ്ടപ്രകാരം യാതൊരു കാരണവുമില്ലാതെ 21.08.2025-ന് വീട്ടിൽ നിന്ന് വിലപിടിപ്പുള്ള സാധനങ്ങൾ എടുത്ത് ഹർജിക്കാരിയുടെ സ്വന്തം വീട്ടിലേക്ക് പോയതാണെന്നും എതിർകക്ഷി ആരോപിക്കുന്നു. പല മധ്യസ്ഥശ്രമങ്ങളും നടത്തിയിട്ടും തിരികെ വരാൻ തയ്യാറായില്ലെന്നും, വിവാഹമോചനം വേണമെന്ന നിലപാടാണ് ഹർജിക്കാരി സ്വീകരിച്ചതെന്നും ആരോപിക്കുന്നു. എതിർകക്ഷി ഹർജിക്കാരിയെ ഒരിക്കലും ശാരീരികമായോ മാനസികമായോ പീഡിപ്പിച്ചിട്ടില്ലെന്നും, കൂടുതൽ സ്വർണം, പണം, സ്വത്ത് എന്നിവ ആവശ്യപ്പെട്ടിട്ടില്ലെന്നും, ഹർജിക്കാരിയുടെ മാതാപിതാക്കളെ സ്വന്തം വീട്ടിൽ പാർപ്പിച്ച് സംരക്ഷിച്ചിരുന്നുവെന്നും വാദിക്കുന്നു. ഹർജിക്കാരിയുടെ സഹോദരിമാരുടെ പ്രേരണയാലും ഹർജിക്കാരിയുടെ സ്വത്തുക്കൾ കൈവശപ്പെടുത്താനുള്ള ലക്ഷ്യത്താലുമാണ് ഈ ഹർജികൾ സമർപ്പിച്ചതെന്നും, shared household-ൽ വീണ്ടും താമസിക്കണമെന്ന ആവശ്യം എതിർകക്ഷിയെ വ്യാജകേസുകളിൽ കുടുക്കാനുള്ള ശ്രമമാണെന്നും ആരോപിക്കുന്നു. കൂടാതെ, ഹർജിക്കാരി വിവാഹമോചനം ആവശ്യപ്പെട്ട സാഹചര്യത്തിൽ എതിർകക്ഷി പിന്നീട് മുസ്ലിം മതാചാരപ്രകാരം മറ്റൊരു വിവാഹം കഴിച്ചതായും, ഇരുവരും ഒരുമിച്ച് താമസിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പകരം വേറെ താമസസൗകര്യം നൽകുന്നതിൽ എതിർപ്പില്ലെന്നും എതിർകക്ഷി വ്യക്തമാക്കുന്നു. ആയതിനാൽ മേൽ ഹർജി നിലനിൽക്കുന്നതല്ലെന്നും ഹർജി തള്ളിക്കളയണമെന്നുമാണ് എതിർകക്ഷിയുടെ അപേക്ഷ. അതിനാൽ ഈ ആക്ഷേപം പരിഗണിച്ച് മേൽ നമ്പർ ഹർജി തള്ളിക്കളയണമെന്നും അതു പ്രകാരം ഒരു

ഉത്തരവുണ്ടാകണമെന്നും ആണ് എതിർകക്ഷിയുടെ അപേക്ഷ.

5. ഇരുഭാഗവും ഹാജരായി. വാദം കേട്ടു.

6. താഴെ പറയുന്ന വിവാദ്യവിഷയം പരിഗണനക്കായി എടുത്തു.

1) ഹർജിക്കാർ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങൾ അനുവദിക്കത്തക്കതാണോ?

7. <u>വിവാദ്യവിഷയം:</u> ഹർജിയും സത്യവാങ്മൂലവും പരിശോധിച്ചതിൽ ചിലവിനു ലഭിക്കുന്നതിനായിട്ടാണ് ഹർജിക്കാരി ഈ ഹർജി ബോധിപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലായി. ഹർജി കൂടുതൽ പഠിച്ചതിൽ വെച്ച് ഹർജിക്കാരി സമൂഹത്തിൽ നിലയും വിലയും ഉള്ള ഒരു കുടുംബത്തിൽ പെട്ട ആളാണെന്നും സാമ്പത്തികമായി നല്ല നിലയിൽ കഴിഞ്ഞുവരുന്ന കുടുംബം ആണെന്നും എല്ലാവിധ ആർഭാടങ്ങളോടുകൂടിയും വളർന്നുവന്ന ആളാണെന്നും പറഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചു. എതിർകക്ഷിയും സാമ്പത്തികമായി വളരെ നല്ല നിലയിലുള്ള കുടുംബത്തിൽ പെട്ട ആളാണെന്നും അയാൾ നാട്ടിലും വിദേശത്തും ബിസിനസ് ചെയ്ത് ജീവിച്ചു വരുന്ന ആളാണെന്നും പറഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചു. ഹർജിക്കാരിക്ക് 90 പവൻ സ്വർണാഭരണങ്ങൾ വിവാഹ സമ്മാനമായി വിവാഹസമയത്ത് കൊടുത്തിരുന്നു എന്നും അതിൽ ഒരു ഭാഗം എതിർകക്ഷി തന്റെ റിയൽ എസ്റ്റേറ്റ് ബിസിനസിന് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ളതായും ആ ബിസിനസ്സിൽ നിന്ന് ലഭിക്കുന്ന ആദായം എല്ലാം തന്നെ അയാൾ അയാളുടെ വ്യക്തിപരമായ കാര്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതായും പറഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചു. ഹർജിക്കാരി ഒരു വീട്ടമ്മയാണെന്നും തനിക്ക് മക്കൾ ഒന്നുമില്ലാത്തതാണെന്നും നിത്യ ചെലവിനായി സ്വന്തമായി വരുമാനമാർഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും എതിർകക്ഷി ബിസിനസുകാരൻ ആണെന്നും ഡെസേർട്ട് എലൈറ്റ്സ് എന്ന പേരിൽ ദുബായിൽ എതിർകക്ഷി റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തുന്നുണ്ടെന്നും ആയതിൽ നിന്നും ഒരു ലക്ഷം രൂപയോളം വരുമാനം ഉണ്ട് എന്നും എതിർകക്ഷിയുടെ ആദ്യ ഭാര്യയിലുള്ള മക്കളുടെ വിവാഹം കഴിഞ്ഞതാണെന്നും അവരെല്ലാം ഭേദപ്പെട്ട നിലയിൽ ജീവിക്കുന്നവരാണെന്നും ആയതുകൊണ്ട് തന്നെ എതിർകക്ഷിക്കു മറ്റു ബാധ്യതകൾ ഒന്നുമില്ല എന്നും എന്നിട്ട് പോലും ഹർജിക്കാരിയെ മനപ്പൂർവ്വം അവഗണിക്കുകയും ചിലവിന് നൽകാതിരിക്കുകയും സാമ്പത്തിക സഹായം നൽകാതിരിക്കുകയും ചെയ്യുകയാണ് എന്ന് ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
ഹർജിക്കാരി ഈ കോടതി മുൻപാകെ ഹാജരാക്കിയിട്ടുള്ള ആസ്ഥി ബാധ്യത സത്യവാങ്മൂലം പരിശോധിച്ചതിൽ വച്ച് ഹർജിക്കാരിക്ക് തന്റെ വിവാഹാഭരണങ്ങൾ അല്ലാതെ യാതൊരുവിധ സ്ഥാവരജംഗമവസ്തുക്കൾ ഒന്നും ഇല്ല എന്നും പറഞ്ഞിട്ടുള്ളത് കാണാൻ സാധിച്ചു. ആക്ഷേപം പരിശോധിച്ചതിൽ ഹർജിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം തെറ്റാണെന്നും ഹർജിക്കാരിക്ക് എതിർകക്ഷിയിൽ നിന്നും ചെലവിന് ലഭിക്കേണ്ട ആവശ്യമില്ല എന്നും ഹർജിക്കാരിക്ക് കൊടുങ്ങല്ലൂർ എസ് ആർ ഒ 3453/01/2008-ാം നമ്പർ തീർപ്പാധാരപ്രകാരം 92 സെന്റ് ഭൂമിയിലും ആയതിലുള്ള പുരയിലും മൂന്നിൽ ഒരുഭാഗവും അവകാശമുള്ളതാണെന്നും ആ നിലയ്ക്ക് രണ്ടുകോടി രൂപയുടെ ഭൂസ്വത്തുക്കൾ ടിയാന്

ഉള്ളതാണെന്നും കൂടാതെ ടിയാരിക്ക് എറണാകുളത്ത് പിതാവിന്റെ പേരിലുള്ള ഫ്ലാറ്റും കൊടുങ്ങല്ലൂർ മെഡിക്കൽ ആശുപത്രിയിലെ പിതാവിന്റെ പേരിലുള്ള ഷെയറും ഹർജിക്കാരിക്ക് മൂന്നിൽ ഒരു ഓഹരി അവകാശപ്പെട്ടതാണെന്നും കൊടുങ്ങല്ലൂർ ആശുപത്രിയിലെ ഷെയറിൽ നിന്നും എറണാകുളത്തെ ഫ്ലാറ്റിൽ നിന്നും കിട്ടുന്ന സംഖ്യ ഹർജിക്കാരിക്ക് പ്രതിമാസം ലഭിക്കുന്നതാണ് എന്നും ആയതെല്ലാം മറച്ചു വെച്ചാണ് വരവ് ചെലവ് കണക്കിന്റെ അഫിഡവിറ്റ് ബോധിപ്പിച്ചിട്ടുള്ളത് എന്നും പല കോളങ്ങളും തെറ്റായ വിവരങ്ങളാണ് ബോധിപ്പിച്ചിട്ടുള്ളത് എന്നും നാലാം കോളം ശുദ്ധ കളവാണ് എന്നും അഫിഡവിറ്റ് അറ്റസ്റ്റ് ചെയ്തതായി കാണുന്നില്ല എന്നും പറഞ്ഞിട്ടുള്ളതായി കാണുന്നു. ടി വിവരം തെളിയിക്കുന്നതിലേക്കായി എതിർകക്ഷി ഭാഗത്തുനിന്നും മേൽ പ്രസ്താവിച്ച കൊടുങ്ങല്ലൂർ എസ്.ആർ.ഒയിൽ രജിസ്റ്റർ ചെയ്ത 3453/01/2008-ാം നമ്പർ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കോടതിയുടെ മുൻപാകെ ഹാജരാക്കുകയും ആയത് Ext.D1 ആയി മാർക്ക് ചെയ്യുകയും ചെയ്തു. മേൽപ്പറഞ്ഞ രേഖ പരിശോധിച്ചതിൽ എതിർകക്ഷി ഭാഗം പറഞ്ഞിട്ടുള്ള പ്രസ്താവന ശരിയാണെന്ന് കാണുന്നു. ആയതുകൊണ്ട് തന്നെ ഹർജിക്കാർ ഭാഗം ആസ്തി ബാധ്യത സത്യവാങ്മൂലം ഫയൽ ചെയ്തത് പ്രധാന വസ്തുതകൾ മറച്ചു വെച്ചാണ് എന്ന് ഈ കോടതിക്ക് ബോധ്യപ്പെട്ടു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ **Rajnesh v. Neha, 2020 (6) KHC 1** എന്ന വിധിന്യായത്തിൽ ചിലവിന് കൊടുക്കുന്നതുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിക്കുമ്പോൾ ഇരുഭാഗങ്ങളുടെയും ആസ്തിബാധിത വിവരങ്ങൾ സത്യമായും കൃത്യമായും ഉള്ള സത്യവാങ്മൂലം ഫയൽ ചെയ്ത് കോടതിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട് എന്ന് പറഞ്ഞു കാണുന്നു. ആയതുകൊണ്ട് തന്നെ ഹർജിക്കാരി ആവശ്യപ്പെട്ട പ്രകാരം ഇത്തരമൊരു ഹർജി പരിഗണിക്കുന്നതിലേക്ക് ഹർജിക്കാരിയുടെ മേൽ പ്രസ്താവനകൾ വിശ്വാസ യോഗ്യമായി ഈ കോടതിക്ക് തോന്നുന്നില്ല. അതുകൊണ്ടുതന്നെ മേൽ പ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ തെളിവുകൾ പരിഗണിക്കാതെയും മൊഴി രേഖപ്പെടുത്താതെയും ഈ ഹർജി അനുവദിക്കത്തക്കതാണെന്ന് കരുതാൻ സാധ്യമല്ല. ഈ ഹർജിയിലെ തീരുമാനം മേൽ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്ന നിവർത്തിയെ അടിസ്ഥാനമാക്കി മാത്രം ഈ അവസരത്തിൽ തള്ളി ഉത്തരവാകുന്നു.

അപേക്ഷ ഇതോടെ തള്ളി ഉത്തരവാകുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 2026 മെയ് 20 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.)

Sd/-

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരിപകർപ്പ്//

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

CMP No.1/2026 IN MC 39/2025
Dated:20.05.2026